**ചരക്കുസേവന നികുതി**

48 (3477) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്കുസേവന നികുതി സമ്പ്രദായം പരമാവധി സംസ്ഥാനത്തിന് അനുകൂലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൂർണ്ണമായും ഓൺലൈൻ സമ്പ്രദായമായ ജി.എസ്.ടി-യിലെ നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. ANPR സമ്പ്രദായം ഉപയോഗിച്ചുള്ള ഇ-വേ ബിൽ പരിശോധന, ഡാറ്റാ അനാലിസിസ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ നികുതി വെട്ടിപ്പ് പെട്ടെന്ന് കണ്ടെത്തി കൂടുതൽ കാര്യക്ഷമമായി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇത് കൂടാതെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നികുതികളോട് ചേർത്തുള്ള സെസ്**

49 (3479) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം നികുതികളോട് ചേർത്ത് സെസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം പിരിച്ചെടുക്കുന്ന സെസ് അതതു മേഖലകളിലാണോ ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ലൈബ്രറി/പ്രളയ സെസ് വകമാറ്റി ചെലവഴിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ഡി) സമാഹരിച്ചെടുത്ത പ്രളയ സെസിൽ റീബിൽഡ് കേരള പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയും വിവിധ പദ്ധതികളും വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**നികുതി ചോർച്ച**

50(3481) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രമാത്രമെന്ന വിശദമായ കണക്ക് നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly